(ബി) ഇല്ല.

(സി) സപ്ലൈകോ വിൽപ്പന ശാലകൾവഴി വിതരണം ചെയ്യുന്ന 13 ഇനം സബ്സിഡി സാധനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന സബ്സിഡി നിരക്കിലാണ് വിതരണം ചെയ്യുന്നത്. സപ്ലൈകോ ഇ-ടെണ്ടർ വഴി വാങ്ങുന്ന ഭക്ഷ്യ വസ്തുക്കളുടെ നോൺ സബ്സിഡി വിൽപ്പന വില നിശ്ചയിക്കുന്നത്, വാങ്ങൽ വിലയോടൊപ്പം കടത്തുകൂലി, കൈകാര്യകരവ് ഇവ വിൽപ്പന ശാലകൾ വഴി വിതരണം ചെയ്യുന്നതിനുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവയ്ക്കായി ശരാശരി 5 ശതമാനം മാർജിൻ എന്നിവ ചേർത്താണ്. എം.ആർ.പി., വാങ്ങൽ വില എന്നിവയെ അടിസ്ഥാനമാക്കി, എം.ആർ.പി. യിൽ നിന്നും താഴ്ന്ന വിലയ്ക്കാണ് മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന എഫ്.എം.സി.ജി. ഉൽപ്പന്നങ്ങളുടെ വിൽപ്പന വില നിശ്ചയിക്കുന്നത്. ശബരി ഉൽപ്പന്നങ്ങളുടെ വാങ്ങൽ വിലയുടെകൂടെ നികുതികൾ, കൈകാര്യ ചെലവുകൾ, സ്റ്റാഫ് ഇൻസെന്റീവ് എന്നിവ ചേർത്ത് വളരെ ചെറിയ മാർജിൻ എടുത്താണ് വിൽപ്പന വില നിശ്ചയിക്കുന്നത്. ഇത് വിപണിയിലുള്ള മറ്റ് സമാന ബ്രാന്റഡ് ഉൽപ്പന്നങ്ങളുടെ വിലയേക്കാൾ കുറയുന്നതു കുറവായിരിക്കുവാൻ ശ്രദ്ധിക്കുന്നുണ്ട്.

സിവിൽ സപ്ലൈസ് ഔട്ട്ലെറ്റുകളിലെ വില വർദ്ധന

270 (1327) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിവിൽ സപ്ലൈസ് ഔട്ട്ലെറ്റുകളിൽ അരിയുടെയും പലവ്യഞ്ജനങ്ങളുടേയും വില എത്ര പ്രാവശ്യം വർദ്ധിപ്പിച്ചുവെന്ന് അറിയിക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തെ സാധന വിലയും, ഈ സർക്കാരിന്റെ ഭരണകാലത്തെ സാധനവിലയും പ്രത്യേകം ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) 2014 നവംബർ മാസത്തിൽ സപ്ലൈകോ ഔട്ട്ലെറ്റുകളിൽ അവശ്യ സാധനങ്ങൾക്ക് വില കുത്തനെ കൂട്ടാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(ഡി) ഇതിനായി മന്ത്രിസഭായോഗം തീരുമാനമെടുത്തിട്ടുണ്ടോ, ഏത് സമിതിയുടെ തീരുമാന പ്രകാരമാണ് ഈ വിലവർദ്ധനവ് നടപ്പിലാക്കിയിരിക്കുന്നത്; പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1-8-2012-ൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ എണ്ണം പുനർനിർണ്ണയിച്ചു. സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ളതും, ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്തതുമായ ഉഴുന്നുപരിപ്പ്, കടുക്, ജീരകം, ഉലുവ, പീസ് പരിപ്പ്, ബോധന അരി എന്നീ ഇനങ്ങളെ സബ്സിഡി നൽകുന്നതിൽനിന്ന് ഒഴിവാക്കുകയും പകരം കേരളത്തിലെ ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന ചെറുപയർ, വൻകടല, ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട് വില പുനർ നിർണ്ണയിച്ചതിന്റെ വിവരങ്ങൾ അനുബന്ധം ഒന്നായി ചേർക്കുന്നു.*

(സി) ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യസംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യ വസ്തുക്കളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതുപോലെ സപ്ലൈകോ വാങ്ങൽ വില, കടത്തുകൂലി, കയറ്റിയിറക്ക് കൂലി, അഡ്മിനിസ്ട്രേറ്റീവ് ഉൾപ്പെടെയുള്ള മറ്റ് ചെലവുകൾ എന്നിവ മാസംതോറും കൂടിക്കൊണ്ടിരിക്കുകയും വിൽപ്പന വില കൂട്ടാതിരിക്കുകയും ചെയ്തതുമൂലം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതുമൂലമുള്ള നഷ്ടം വളരെയധികം വർദ്ധിക്കുകയും അത് സപ്ലൈകോയുടെ മാർക്കറ്റ് ഇടപെടൽ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രതിദിന പ്രവർത്തനങ്ങളെ ബാധിക്കുന്ന രീതിയിൽ വളരുകയും ചെയ്തതുകൊണ്ടാണ് സബ്സിഡി സാധനങ്ങളുടെ വിൽപ്പന വില പുനർനിർണ്ണയിച്ചത്.

(ഡി) ഉണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതി വിലവർദ്ധനവ് ശിപാർശ ചെയ്തിരുന്നു. 6-8-2014-ലെ മന്ത്രിസഭാ യോഗം വില വർദ്ധനവിന് അംഗീകാരം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധം രണ്ടായി ചേർക്കുന്നു.*

സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ സബ്സിഡി

271 (1328) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന് സബ്സിഡി ഇനത്തിലും നെല്ല് സംഭരണത്തിനും സംസ്ഥാന - കേന്ദ്ര സർക്കാരുകൾ എത്ര തുക വീതം നൽകാനുണ്ട് എന്ന് വിശദമാക്കാമോ ;

(ബി) സംസ്ഥാന സർക്കാർ നല്കേണ്ട തുക എന്നേക്ക് നൽകാനാകും; വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.